ലോഗിൻ

Digital Magazine Login



ജി . വി . എച്ച് . എസ് . എസ് അത്തോളി

# ഉള്ളടക്കം


നാൾ വഴികളിലൂടെ.......................................... 3

എങ്കിൽ.................................................... 5

മരണം അകലേക്ക് യാത്ര................................6

പുനർജനി................................................7

The Butterfly............................................8

നാട്ടു പൂക്കൾ വിട പറയുമ്പോൾ.......................9

മഴ പെയ്യുകയാണ് ........................................10

ആത്മഹത്യയും ആധുനിക സമൂഹവും..........11

New Beginning........................................12

സെൽഫിയിൽ ഒതുങ്ങാത്ത മുഖങ്ങൾ...........13

നമ്മുടെ നാടിനെ വീണ്ടെടുക്കണം.................14

जन्मभूमिः....................................................15

अत्याग्रहः न कुर्यात्..........................................16

# നാൾവഴികളിലൂടെ

കോഴിക്കോട് നഗരത്തിൽ നിന്നും 18കിലോമീറ്റർ വടക്കായി ഉള്ളിയേരി പുതിയങ്ങാടി റൂട്ടിൽ അത്തോളി പഞ്ചായത്തിലാണ് അത്തോളി ഗവ.വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ സ്ഥിതി ചെയ്യുന്നത്.

വിദ്യാഭ്യാസമേഖലയിൽ ഉണ്ടായിട്ടുള്ള അക്കാദമികവും ഭൗതികവുമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ജില്ലയിലെ ഏറ്റവും മികച്ച വിദ്യാലയങ്ങളിലൊന്നായി മുന്നേറാൻ ജിവിഎച്ച്എസ്എസ് അത്തോളിക്ക് എന്നും കഴിഞ്ഞിട്ടുണ്ട്. കോഴിക്കോട് ജില്ലാപഞ്ചായത്തിന് കീഴിലുള്ള ഈ വിദ്യാലയത്തെ 2014 ൽ മോഡൽ സ്കൂളായി തെരഞ്ഞെടുത്തത് അഭിമാനകരമായ നേട്ടങ്ങളിലൊന്നായിരുന്നു. അക്കാദമിക നിലവാരം ഉയർത്തുന്നതോടൊപ്പം ഭൗതികസൗകര്യങ്ങളൊരുക്കാനും ജില്ലാപഞ്ചായത്തിൻെറ ഇടപെടൽ കാലകാലങ്ങളിൽ സ്കൂളിന് തുണയായി. സംസ്ഥാന സർക്കാർ, ജനപ്രതിനിധികൾ , തദ്ദേശസ്ഥാപനങ്ങൾഎന്നിവയുടെ കൃത്യമായ ഇടപടലിൻെറ ഭാഗമായി ഒരു പതിറ്റാണ്ടിനിടയിൽ അടിസ്ഥാനവികസനകാര്യത്തിൽ വൻമുന്നേറ്റം സ്കൂളിനുണ്ടായി. പുതിയ വിഎച്ച്എസ്ഇ കെട്ടിടം, ഹയർസെക്കൻഡറി വിഭാഗം കെട്ടിടം, ആധുനികസൗകര്യത്തോടുകൂടിയ ഊട്ടുപുര എന്നിവ ഇതിൽ എടുത്തുപറയത്തക്കതാണ്. 1920കളുടെ തുടക്കത്തിൽ സ്ഥലത്തെ പൗരപ്രധാനിയായിരുന്ന ഇ പി ഗോപാലൻ നായർ എഴുത്തുപള്ളിക്കൂടം സ്ഥാപിച്ചതുമുതലാണ് ഈ വിദ്യാലയത്തിൻെറ ചരിത്രം ആരംഭിക്കുന്നത്. 1924 ൽ മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് ഈ പള്ളിക്കൂടം ഏറ്റെടുത്ത് എലിമെൻററി സ്കൂളാക്കി ഉയർത്തി. 1949 ൽ ഇത് ഹയർ എലിമെൻററി സ്കൂളാക്കി ഉയർത്തപ്പെട്ടു. ഇന്ന് സ്ഥിതിചെയ്യുന്ന സ്ഥലത്തിൻെറ കിഴക്കുഭാഗത്തുള്ള പറമ്പിലായിരുന്നു അന്ന് സ്കൂൾ പ്രവർത്തിച്ചിരുന്നത്. കൊയിലാണ്ടി താലൂക്കിൽ അത്തോളി പഞ്ചായത്തിലെ മൂന്നാം വാർഡിലാണ് ഇന്ന് സ്കൂൾ സ്ഥിതിചെയ്യുന്നത്.

1957 ലാണ് ഈ വിദ്യാലയം സെക്കൻററി തലത്തിലേക്ക് ഉയർത്തപ്പെട്ടത്. അന്ന് നാട്ടുകാർ ഒരു കമ്മറ്റി രൂപീകരിക്കുകയും 1000 രൂപ പിരിച്ചെടുത്ത് ഉണ്യാൻകണ്ടി മൊയ്തീൻകോയ എന്ന ആളിൽ നിന്ന് ഇന്ന് സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലം തീറെഴുതി വാങ്ങി സർക്കാരിലേക്ക് വിട്ടുകൊടുക്കുകയുമായിരുന്നു. ബാക്കി സ്ഥലം 1969-70 കാലത്ത് സർക്കാർ അക്വയർ ചെയ്തതാണ്. സ്കൂൾ കെട്ടിടനിർമാണത്തിലേക്കാവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിൽ പൗരപ്രമുഖനായിരുന്ന അച്ചുകുട്ടി നായരുടെ നിർലോഭമായ സഹായം ലഭിച്ചിരുന്നു. കുനിയിൽ മുഹമ്മദ് ഹാജി, മോയിൻകുട്ടി സാഹിബ് , കവലായി കുഞ്ഞിരാമൻ കൂട്ടിൽ കുട്ടിപെരവൻ എന്നിവരും ഈ സ്കൂളിന് വേണ്ടി ആദ്യകാലത്ത് പ്രവർത്തിച്ച മഹത് വ്യക്തിത്വങ്ങളാണ്.

1958-59 ൽ 33 കുട്ടികളുമായി ഹൈസ്കൂൾ വിഭാഗം ആരംഭിച്ചു. 1961 പുറത്തിറങ്ങിയ ആദ്യ എസ് എസ് എൽ സി ബാച്ചിൽ 65 ശതമാനം വിജയം നേടാൻ കഴിഞ്ഞു. കെ വി രാമൻ നമ്പീശൻ ആയിരുന്നു ആദ്യപ്രധാനാധ്യാപകൻ.

'C' ആകൃതിയിലുള്ള കെട്ടിടവും തെക്കുഭാഗത്ത് ഒരു ഷെഡും അടങ്ങുന്നതായിരുന്നു ആദ്യകാല കെട്ടിടങ്ങൾ . നാല് നെയ്ത്തുതറികളും അനുബന്ധ ഉപകരണങ്ങളുമായി ഒരു ക്രാഫ്റ്റ് റൂം 1999 വരെ നല്ലനിലയിൽ സ്കൂളിൽ പ്രവർത്തിച്ചിരുന്നു.

1967 -68 വർഷത്തിൽ ലാബിന് വേണ്ടി രണ്ട് മുറികളുള്ള കെട്ടിടവും 1968 -69 ൽ അഞ്ച് മുറികളുള്ള ആസ്ബസ്റ്റോസ് ഷെഡും 1969- 70 ൽ നാല് മുറികളുള്ള മറ്റൊരു കെട്ടിടവും പണി കഴിപ്പിക്കുകയുണ്ടായി. വേണ്ടത്ര ക്ലാസ് മുറികൾ ഇല്ലാത്തതിനാൽ 1973 മുതൽ 1983 വരെ ഷിഫ്റ്റ് സമ്പ്രദായത്തിലാണ് സ്കൂൾ പ്രവർത്തിച്ചിരുന്നത് . 1983 ൽ 20 മുറികളുള്ള കെട്ടിടം സ്ഥാപിച്ചതോടെയാണ് ഷിഫ്ററ് സമ്പ്രദായം മാറ്റിയത്. 2001 ൽ ജില്ലാ പഞ്ചായത്തും പി ടി എയും ചേർന്ന് നാല് മുറികളുള്ള മറ്റൊരു കെട്ടിടവും പണി കഴിപ്പിച്ചു. സ്കൂളിൻെറ ചുറ്റുമതിൽ പി ടി എ പണികഴിപ്പിച്ചതാണ്. 1994 – ലാണ് വിദ്യാലത്തിൽ കമ്പ്യൂട്ടർ പഠനം ആരംഭിക്കുന്നത് . പി ടി എ നേതൃത്വത്തിൽ ഒരു ലക്ഷം രൂപ പിരിച്ചെടുത്താണ് ഇതിനായി ലാബ് സജ്ജീകരിച്ചത്. തുടക്കത്തിൽ അഞ്ച് കമ്പ്യൂട്ടറുമായി തുടങ്ങിയ കമ്പ്യൂട്ടർ പഠനം ഇന്ന് കൈറ്റ് സഹകരണത്തോടെ ഹൈസ്കൂൾ വിഭാഗത്തിൽ രണ്ട് ലാബും എച്ച് എസ് എസ്, വി എച്ച് എസ് ഇ , യു പി വിഭാഗങ്ങലിൽ ഓരോ ലാബ് വീതവുമായി പ്രവർത്തിക്കുന്നുണ്ട്.

ഹൈസ്കൂൾ വിഭാഗത്തിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് നല്ല നിലയിൽ സ്കൂളിൽ പ്രവർത്തിക്കുന്നുണ്ട്.

### വിദ്യാലയ കവാടം

മികച്ച ലൈബ്രറി സംവിധാനം സ്കൂളിലുണ്ട്. വിവിധ അവാർഡുകൾ നേടിയ സ്കൂൾ ലൈബ്രറിയിൽ 15000 ത്തോളം പുസ്തകങ്ങളുണ്ട്. സമ്പൂർണ ക്ലാസ് ലൈബ്രറി സംവിധാനം നടപ്പാക്കിയ വടകര വിദ്യാഭ്യാസ ജില്ലയിലെ ആദ്യസ്കൂളുകളിലൊന്ന് ജിവിഎച്ച്എസ്എസ് അത്തോളിയായിരുന്നു. ഇതിനായി നാട്ടുകാരുടെ സഹകരണത്തോടെ എല്ലാക്ലാസ് മുറികളിലേക്കും ലൈബ്രറി ഷെൽഫുകൾ സാധ്യമാക്കി. പ്രശസ്ത സാഹിത്യകാരൻ കെ പി രാമനുണ്ണിയാണ് സമ്പൂർണ ക്ലാസ് ലൈബ്രറി പ്രഖ്യാപനം നടത്തിയത്.

കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനിടയിൽ അക്കാദമിക മേഖലയിലും അടിസ്ഥാന സൗകര്യവികസനത്തിലും വൻ മുന്നേറ്റമാണ് സ്കൂളിനുണ്ടായിട്ടുള്ളത്. കോഴിക്കോട് ജില്ലാപഞ്ചായത്തിന് കീഴിൽ വരുന്ന ഈ വിദ്യാലയം ഇന്ന് ജില്ലയിലെ ഏറ്റവും മികച്ച വിദ്യാലയമായി മാറിക്കഴിഞ്ഞിട്ടുണ്ട്. 2014 ൽ ജില്ലാപഞ്ചായത്ത് ഈ വിദ്യാലയത്തെ മോഡൽ സ്കൂളായി തെരഞ്ഞെടുത്തത് സ്കൂളിൻെറ വികസനകാര്യത്തിൽ മുതൽക്കൂട്ടായി. സംസ്ഥാനസരക്കാർ, ജപ്രതിനിധികൾ , തദ്ദേശസ്ഥാപനങ്ങൾ, പൂർവവിദ്യാർത്ഥികൾ, പി ടി എ, നാട്ടുകാർ എന്നിവരുടെ കൂട്ടായ്മയും സഹായസഹകരണവുമാണ് സ്കൂളിന് കരുത്തായത്. നിലവിൽ എല്ലാ വിഭാഗങ്ങളിലും ഹൈടെക് സംവിധാനം കാര്യക്ഷമമായി നടപ്പാക്കിക്കൊണ്ടുള്ള ക്ലാസുകളാണുള്ളത്. നിലവിൽ വിദ്യാലയത്തിലെ ഭുരിഭാഗം കെട്ടിടങ്ങളും ആധുനിക സൗകര്യത്തോടെയുള്ളതാണ് ജില്ലാപഞ്ചായത്ത് , എം എൽ എ ഫണ്ട്, മറ്റു തദ്ദേശസ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ നിർമിച്ച ഹയർസെക്കൻററി, വിഎച്ച്എസ്ഇ, ഹൈസ്കൂൾ വിഭാഗത്തിലെ ഭക്ഷണപ്പുര, സ്കൂൾ കവാടം എന്നിവ വിദ്യാലയത്തിൻെറ മികവേറ്റുന്നതാണ്. സംസ്ഥാനസർക്കാർ കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി മൂന്ന് കോടി ചെലവിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ്സ് മേൽനോട്ടത്തിൽ നിർമിച്ച് കൈമാറിയ 17 ക്ലാസ് മുറികൾ , ഓഫീസ്, സ്റ്റാഫ് റൂം എന്നിവയടങ്ങുന്ന ഏറ്റവും പുതിയ കെട്ടിടം സ്കൂളിൻെറ പ്രൗഢി വിളിച്ചോതുന്നതാണ്.



'എങ്കിൽ'

ശലഭമേ
നിൻെറ ചിറകിൽ ഞാൻ
ഒരു വർണ്ണമായി
ഒളിച്ചെങ്കിൽ

കവിതയെ,
നിൻെറ ഹൃത്തിൽ ഞാൻ
നീണ്ട തേങ്ങലായി
മറഞ്ഞെങ്കിൽ

മേഘമേ,
നിന്നിലൂറുമാ
ദാഹബാഷ്പമായി
കൊഴിഞ്ഞെങ്കിൽ

എങ്കിലീ
നീണ്ട വഴിയിൽ
യാത്ര തുടരുവാൻ
ഞാൻ കൊതിക്കുന്നു

- ദൃശ്യ

# മരണം....
# അകലേക്കൊരു യാത്ര

ജീവിതത്തിൻെറ
പടിവാതിൽക്കൽ വന്ന്
ആത്മാവിലേക്കെത്തുന്നു
അതിൻ
കറുത്ത കരങ്ങൾ

സ്വർഗം വാഗ്ദാനം ചെയ്ത്
മയക്കുന്ന
മാന്ത്രികൻ

ദുഖമില്ലാത്ത
ലോകത്തിലേക്ക്
ഒരു തുണ്ടുകയറായി
ഒരു തുള്ളി വിഷമായി
കാണുന്ന വാതിൽ
മിഥ്യയാം മരീചിക
എങ്കിലും
മരണം
അകലേക്കൊരു യാത്ര...

\- ജംഷി

# പുനർജ്ജനി

മേഘമായി പുനർജ്ജനിച്ചെങ്കിലീ
വിഹായസ്സിൽ
പക്ഷിയായി ചരിക്കുവാനത്രയും
കൊതിക്കുന്നു.

കരഞ്ഞും കലമ്പിയും മഴയായി
കൊഴിഞ്ഞെങ്കിൽ
ഭൂമിതൻ നെടുവീർപ്പിൽ സാന്ത്വനം
ചൊരിഞ്ഞേനെ

ഉരുകി ജ്വലിക്കാനായി മെഴുകായി
ജനിച്ചെങ്കിൽ,
വഴിയിൽ എരിയുന്ന ജ്യോതിയായി
നടന്നേനെ.

വിതുമ്പും കവിതയായ് ഇനി ഞാൻ
വിടർന്നെങ്കിൽ
മനസ്സിൽ തുടിക്കുന്ന കണ്ണുനീർ
തുടച്ചേനെ.........

-അനീന

# The Butterfly

Oh! Sweet butterfly
How beautiful you are !
With beautiful colours
On your wings
Searching for honey
Oh ! Sweet beautiful butterfly
You shining eyes
And colourful wings
Oh ! Sweet butterfly
I Love you what you are
_visruth

# നാട്ടുപൂക്കൾ വിടപറയുമ്പോൾ

നമ്മുടെ ഗ്രാമപ്രദേശങ്ങൾ നാട്ടുപൂക്കളാൽ സമൃദ്ധമായിരുന്നു ഒരു കാലത്ത്. വിവിധ നിറത്തിൽ, മണത്തിൽ, വലിപ്പത്തിലുള്ള പൂക്കൾ., തൊടിയിലും പാതവക്കിലും വയൽ വരമ്പിലും വേലിമേലും പുഴയോരത്തും നിറഞ്ഞുനിൽക്കുന്ന പൂക്കൾ. പൂക്കളുടെ അതിശയിപ്പിക്കുന്ന് വൈവിധ്യം ഗ്രാമങ്ങളെ മനോഹരമാക്കിയിരുന്നു.

വിലയേറിയ ഓർക്കിഡുകൾ നമ്മുടെ ഇടയിലേക്ക്ല കടന്നുവരുന്നതിന് മുമ്പ് , നമ്മുടെ വീട്ടുമുറ്റത്ത് , ഇലം കാറ്റിലൂടെ സുഗന്ധം വിളമ്പിയിരുന്നത് ഈ നാട്ടുപൂക്കളായിരുന്നു.

ഈ പൂക്കളിൽ ഭൂരിഭാഗവും ഇല്ലാതായി കൊണ്ടിരിക്കുകയാണെന്നും ചിലത് തീരെ അപ്രത്യക്ഷമായി കഴിഞ്ഞുവെന്നും നാം മനസ്സിലാക്കുന്നുണ്ടോ..
പൂക്കൾ അപ്രത്യക്ഷമാകുന്നതിന് നിരവധി കാരണങ്ങൾ കണ്ടെത്താനാവും. അതിൽ പ്രധാനം നമ്മുടെ നാടിൻെറ കാലാവസ്ഥയിൽ വ്യതിയാനമാണ്. നാട്ടുപൂക്കൾ ഏറെ വളർന്നിരുന്നത് ഗ്രാമങ്ങളിലെ പറമ്പുകളിലായിരുന്നു. എന്നാൽ ഇന്ന് നമ്മുടെ ഗ്രാമങ്ങളിൽ പൂക്കൾ വിടർന്നു നിൽക്കുന്ന പറമ്പുകൾ തന്നെ ഇല്ലാതായി.
എന്നാൽ നാട്ടുപൂക്കളുടെ പ്രധാന്യവും അവയുടെ ഔഷധഗുണങ്ങളും തിരിച്ചറിഞ്ഞ് അവയെ സംരക്ഷിക്കാൻ നാം തയ്യാറായില്ലെങ്കിൽ വരും തലമുറയ്ക്ക് നമ്മുടെ നാടിൻെറ സംസ്കാരവും സുഗന്ധവും അന്യമാവും.

**- ആതിര**

# മഴ പെയ്യുകയാണ്

'നീ വരുമെന്ന് കരുതി. കാത്തിരുന്നു. വന്നില്ല. സുമിത്ര, നീ പോയതിന് ശേഷമുള്ള  മൂന്നാമത്തെ വർഷമാണിത്. മൂന്ന് വർഷങ്ങൾ. നിനക്കോർമ്മയുണ്ടോ ? അന്ന് ഇതേപോലെ, മഴ പെയ്ത ഒരു ദിവസമാണ്, നീ ഇരുട്ടിലേക്ക് ഇറങ്ങിയത് . ഞാൻ കാത്തിരിക്കുന്നു. നീ വരിക '

രവിക്ക് ചിരിക്കാൻ തോന്നി. മേൽവിലാസമില്ലാത്ത എത്ര കത്തുകൾ സുമിത്രക്കായി ഞാൻ അയച്ചു. മൂന്ന് വർഷങ്ങൾ . കിളികൾ , ചിരിക്കാത്ത മൂന്ന് വർഷങ്ങൾ. മഴ കഥ പറയാത്ത മൂന്ന് വർഷങ്ങൾ. സുമിത്ര, അന്ന് മഴ പെയ്തിരുന്നു.

സുമിത്ര-

ഞാൻ നിന്നെ അറിഞ്ഞില്ല. ലഹരിയുടെ പാതി മറഞ്ഞ ബോധത്തിൽ, പുക ഭൂതങ്ങളെ നെയ്തുകൊണ്ടിരിക്കുമ്പോൾ, നീ കരഞ്ഞതെന്തിനെന്ന് ഞാൻ ഓർത്തില്ല. കരഞ്ഞുകൊണ്ടിരിക്കുന്ന ഒരു ജീവിയല്ലാതെ നീയെനിക്ക് മറ്റൊന്നുമായിരുന്നില്ല. നീ ഓർക്കുന്നുണ്ടോ.... നമ്മൾ കണ്ടുമുട്ടിയതും ഒരു മഴയത്തായിരുന്നു. കലാലയത്തിൻെറ കൽപ്പടവുകളിൽ, തുലാവർഷത്തിൻെറ പൂപ്പൽപിടിച്ചതിൽ, കഴിയില്ലെന്നറിഞ്ഞിട്ടും നീ നമ്മളുടെ പേരെഴുതാൻ ശ്രമിച്ചു. അന്നത്തെ മഴക്ക് സൗഹൃദത്തിൻെറ തണുപ്പുണ്ടായിരുന്നു.

സുമിത്ര-

'നിലാവ്' ആയിരുന്നു നീയെനിക്ക് ആദ്യമായി സമ്മാനിച്ച പുസ്തകം. അക്ഷരങ്ങളെ പുഴുക്കളായി കണ്ട എനിക്ക് നീ സമ്മാനിച്ചത് പുസ്തകമായിരുന്നു. പുസ്തകങ്ങളെ കുറിച്ച് വാതോരാതെ നീ സംസാരിക്കുമ്പോൾ എൻെറ മനസ്സ് കംപ്യൂട്ടറിൻെറ ഐക്കണുകളിൽ പതറി നടന്നു. അതറിഞ്ഞപ്പോൾ നിൻെറ മിഴി നനഞ്ഞത്........ അന്ന് മഴയും കരഞ്ഞിരുന്നു..........

# <u>ആത്മഹത്യയും ആധുനിക സമൂഹവും</u>

ഒരു കൈകൊണ്ട് തല്ലുകയും മറുകൈ കൊണ്ട് തലോടുകയും ചെയ്യുന്ന കംപ്യൂട്ടർ വിസ്ഫോടന യുഗത്തിലാണ് നാം ജീവിക്കുന്നത്. വിവര സാങ്കേതികതയും ശാസ്ത്രവും പുരോഗതിയിൽ എത്തി നിൽക്കുമ്പോഴും നമ്മൾ പലതും നഷ്ടപ്പെടുത്തി. മാനുഷികമൂല്യങ്ങളുടെ നഷ്ടമാണ് ആധുനിക തലമുറയുടെ പലപ്രശ്നങ്ങൾക്കും കാരണം. മുഖംമൂടി അണിഞ്ഞവരാണ് എവിടെയും. സ്നേഹത്തിന്റെ കണികപോലും നഷ്ടപ്പെട്ടിരിക്കുന്നു. എല്ലാസുഖസൗകര്യങ്ങളും കൈയ്യെത്തി പിടിക്കാമെന്നായപ്പോൾ ആധുനിക മനുഷ്യന് വിഷമങ്ങളെ, പ്രതിസന്ധികളെ മറികടക്കാനുള്ള ചങ്കുറപ്പ് ഇല്ലാതായി. പഴയ തലമുറ ദാരിദ്ര്യത്തിന്റെയും വിശപ്പിന്റെയും യുദ്ധത്തിൽ എന്തും നേരിടാനുള്ള മനക്കരുത്ത് അവർക്കുണ്ടായിരുന്നു. അതുപോലെ ക്ഷമിക്കാനും സഹിക്കാനും.

സ്നേഹബന്ധങ്ങളും സഹാനുഭൂതിയും കൊടുക്കുന്നതുപോലെ തിരിച്ച് ലഭിക്കുന്നതാണ് ജീവിതമെന്ന് പറയുന്നത്. മറ്റുള്ളവരെ സ്നേഹിക്കുകയും അവരുടെ പ്രശ്നങ്ങളും മറ്റും തങ്ങളുടേതായി മാറുകയും ചെയ്യുമ്പോഴാണ് മനുഷ്യൻ ആത്യന്തികമായി സാമൂഹിക ജീവിയായി മാറുന്നത്.

-ഗ്രീഷ്മ

# New begining

So fascinating , How an ending
means changing , means bigining
After the end of a chapter
A new one must bigin.
For, its continuation
that make life appealing

For something to be born
One must have died
And for one to begin
Something must end

As new set of looks
Life is evolving books
Once this books ends
Another will bigin
And as this book begin
It will face its end.

Sreenandha

## സെൽഫിയിലൊതുങ്ങാത്ത ചില മുഖങ്ങൾ

വിരൂപികളായ മനുഷ്യൻമാരെ..........
എത്ര ഫിൽട്ടറിട്ടാലും നിങ്ങളുടെ
മനസ്സിൻെറ ഉള്ളിലെ കറുപ്പ്
പൂശിയ ചായം എപ്പോഴെങ്കിലും
പുറത്തുവരും......

ദുഷ്ട പ്രവൃത്തികൾ ചെയ്ത്
നാടിൻെറ മുന്നിൽ നല്ലവനാവാൻ
ശ്രമിച്ചാൽ അത് നിങ്ങൾക്ക് തന്നെ
എപ്പോഴെങ്കിലും ദോഷകരമാകും..

സെൽഫികളിലൊക്കെ ......
നല്ലവനായി ചമഞ്ഞ് ബാക്കിയുള്ളവരെ
വിഢ്ഡികളാക്കുന്ന നിൻെറ കളി
എപ്പോഴെങ്കിലും ആളുകളുടെ മുന്നിൽ പതിയും...

# നമ്മുടെ നാടിനെ വീണ്ടെടുക്കണം

ദൈവത്തിൻെറ സ്വന്തം നാടായ കേരളം, ജാതിമത വർഗചങ്ങലകളെ തകർത്തെറിഞ്ഞ കേരളം. പുഴയോരങ്ങളും പുൽമേടുകളും ഹരിതവനങ്ങളുംകൊണ്ട് സമൃദ്ധമായ നാട്. മലയാളികൾക്ക് എന്നും അഭിമാനത്തോടെ പറയാൻ കഴിയുമായിരുന്നു നമ്മുടെ നാടിനെക്കുറിച്ച്. എന്നാൽ ഇതെല്ലാം പഴമൊഴികൾ മാത്രമായിരിക്കുന്നു.

ഇന്ന് നാടിൻെറ അവസ്ഥ വളരെ പരിതാപകരമാണ്. നമ്മുടെ അമ്മയായ ഈ നാട് ഓരോ നിമിഷവും മലിനമായിക്കൊണ്ടിരിക്കുന്നു. കലാവസ്ഥയിൽ വന്ന മാറ്റങ്ങൾ നമ്മുടെ ജീവിതാവസ്ഥയെ തന്നെ തകിടം മറിച്ചുകൊണ്ടിരിക്കുന്നു. കാടും മേടും വയലും ആകാശമാകെത്തന്നെയും നശിപ്പിക്കപ്പെട്ടു.

നമ്മുടെ കാർഷികസംസ്കാരം തകർന്നുതുടങ്ങിയതോടെ അന്നന്നത്തെ അന്നത്തിന് വേണ്ടി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട ഗതികേടിലാണ് നമ്മൾ. മലയാളിത്തമുള്ള പൂക്കളും സുഗന്ധങ്ങളും നമുക്ക് അന്യമായിക്കൊണ്ടിരിക്കുന്നു.

നമ്മുടെ നാടിൻെറ തനിമയും നന്മയും വീണ്ടെടുത്തേ മതിയാകൂ. അതിനായി വളർന്നുവരുന്ന തലമുറയായ നാം ജാഗരൂഗരാകരണം. നമ്മുടെ മണ്ണും വായുവും തിരിച്ചുപിടിക്കാൻ നാം ഒറ്റക്കെട്ടായി മുന്നിട്ടിറങ്ങണം.

- മിനിജ

जन्मभूमिः

हरितमनोहरी भवति
मम जन्मभूमिः।
मलयाळभाषयाः पवनः
सर्वत्र वाति।
केरवृक्षाणां समृद्धभूमिः
हा..! पश्यन्तु सोदराः
शीतलजलधारा कल कल नादैः
प्रवहति नित्यम्।
साहित्यलोके कवयः केरलशोभां
गायन्ति सदा।
सर्वत्र तण्डुलक्षेत्राणि श्रेणी भूत्वा
तालसमेतं नृत्यन्ति।
प्रभाते सूर्यकिरणेन तृणजलकणिकाः शोभन्ति।
हा..! कियत् सुन्दरं...
इयं जन्मभूमिः स्वर्गादपि गरीयसी।

धन्यवादः।।

- Nivedya A

# अत्याग्रहः न कुर्यात्

सुन्दरदेशः नाम एकः ग्रामः अस्ति। तत्र एकः कृषकः तस्य हंसः च वसति स्म। प्रतिदिनं कृषकः हंसस्य नीडं पश्यन् अस्ति। एकस्मिन् दिने तेन एकः सुवर्णः अण्डः स्थापितं भवति। कृषकः प्रतिदिनं सुवर्णः अण्डः आपणिकायां विक्रीतवान्। अतः कृषकः धनिकः अभवत्। किन्तु प्रतिदिनं एकः अण्डः एव प्राप्तः खलु? अतः कृषकः निराशः अभवत्। सः शीघ्रं धनं प्राप्तुम् अभिलषति स्म। कृषकस्य मनसि एकः उपायः आगतः।" हंसं हत्वा अन्ते विद्यमानानि सर्वानि अण्डानि बहिः निष्कासयामि"इति। कृषकः हंसं हत्वा तस्य उदरम् उद्घाट्य पश्यति। किन्तु हंसस्य उदरे अण्डानि न आसन्। हंसः मृतः।कृषकः दरिद्रः अभवत्। अतः अत्याग्रहः न कुर्यात्।

धन्यवादः।।

- Manasa KK

-



little KITEs